ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടേയും ഐ.എ.എസ്., ഐ.പി.എസ്. മറ്റ് വകുപ്പ് തലവൻമാരുടേയും വിമാനയാത്ര, വാഹന ഉപയോഗം എന്നീ ഇനങ്ങളിലും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ സെല്ലുലാർ ഫോൺ ഉപയോഗത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വ്യയനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ ക്രമക്കേടുകളോ സർക്കാരിന് നഷ്ടം വരുത്തിയതായ കാര്യങ്ങളോ കണ്ടെത്തിയാൽ ഉത്തരവാദികളായ വർക്കെതിരെ നടപടികൾ കൈക്കൊള്ളുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് ബന്ധപ്പെട്ട ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുകയാണ് പതിവ്. റിപ്പോർട്ടിൻമേൽ നടപടികൾ കൈക്കൊള്ളേണ്ടത് ഭരണ വകുപ്പുകളാണ്. ഭരണ വകുപ്പ് കൈക്കൊള്ളുന്ന നടപടികളുടെ വിവരങ്ങൾ ധനകാര്യ (ഇൻസ്പെക്ഷൻ) വിംഗ് സമയാസമയങ്ങളിൽ അവലോകനം നടത്താറുണ്ട്.

(ഇ, എഫ്) കണക്കാക്കിയിട്ടില്ല.

ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വികസനത്തിനും ജീവനക്കാരുടെ ശമ്പളത്തിനും ലഭിച്ച ഗ്രാന്റ്

79 [5813] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വികസനത്തിനും ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി എന്തു തുക ഗ്രാന്റായി ലഭിച്ചു;

(ബി) ഇതിൽ എത്ര തുക വികസനത്തിനായി ചെലവഴിച്ചുവെന്നും ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(സി) മ്യൂസിയം ഗാലറിയുടെ വികസനത്തിന് ഗ്രാന്റിൽ നിന്നും തുക വകയിരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) എഴുപത്തിയഞ്ചു ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികസനത്തിനായി 16,20,740 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു. †

(സി) ഗാലറിയുടെ വികസനത്തിന് ശരാശരി 40 ലക്ഷം രൂപ വേണ്ടിവരും. മ്യൂസിയത്തിന്റെ അത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കും ഗാലറി വികസനത്തിനും കൂടി ഫണ്ട് പര്യാപ്തമായിരുന്നില്ല.

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർക്ക് വേണ്ടി ക്ഷണിച്ചിട്ടുള്ള പാനൽ

80 [5814] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർക്കു വേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരുടെ പാനൽ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെ എന്നും ഏതെല്ലാം തസ്തികയിലുള്ളവരാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാനൽ സർക്കാരിന് ലഭിച്ചുവോ;

(ഡി) എങ്കിൽ പാനലിൽ നിന്നും നിയമനം നടത്തുവാൻ കാലതാമസം എന്തെന്നു വ്യക്തമാക്കുമോ;

(ഇ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ട്; അത് നികത്താൻ സ്വീകരിക്കുന്ന നടപടിക്രമം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അധികാരം പി.എസ്.സി.-യ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്നും അവയുടെ എണ്ണം എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എട്ട് പേരാണ് അപേക്ഷിച്ചിട്ടുള്ളത്. അവരുടെ പേരും തസ്തികയും താഴെ കൊടുക്കുന്നു:

1. ശ്രീമതി കെ. പി. ഇന്ദിരാദേവി, പ്രൊഫസർ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly